No.CEE/2242/2017/NPMDC-2017/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695001

# പത്രക്കുറിപ്പ്
## ബി.എസ്.സി.നഴ്സിംഗ്, പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം – 2017
## ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കുന്നത് സംബന്ധിച്ച്

2017- ലെ ബി.എസ്.സി നഴ്സിംഗ്, പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള ഒന്നാം ഘട്ട അലോട്ട്മെന്റിനായി ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കുന്നതിന് **19.08.2017 ഉച്ചയ്ക്ക് 1 മണി** വരെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

ബി.എസ്.സി നഴ്സിംഗ് കോഴ്സിലും വിവിധ പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളിലും ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ കോളേജുകളിൽ നിശ്ചിത ശതമാനം സീറ്റുകൾ വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം അതത് കോളേജ് മാനേജ്മെന്റുകൾ പ്രതിനിധാനം ചെയ്യുന്ന ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി നീക്കിവച്ചിട്ടുണ്ട്. ഈ സീറ്റുകളിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രസ്തുത ന്യൂനപക്ഷ സമുദായം തെളിയിക്കുന്നതിന് ബന്ധപ്പെട്ട അധികാരികളിൽ നിന്നും ലഭിക്കുന്ന മൈനോറിറ്റി/കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർക്ക് **2017 ആഗസ്റ്റ് 21 വൈകുന്നേരം 5 മണിക്ക്** മുൻപായി ഹാജരാക്കേണ്ടതാണ്. വിശദ വിവരങ്ങൾ മേൽ വെബ്സൈറ്റിൽ ലഭ്യമാണ്.

IA No. 9780/2017 IN WP(C) No. 37007/2016(A) ന്മേലുള്ള ബഹു. ഹൈക്കോടതി യുടെ 08.08.2017 ലെ ഉത്തരവ് പ്രകാരം MIMS College of Allied Health sciences, MIMS Academy, Vazhayoor, Puthukode.P.O. Malappuram എന്ന സ്വകാര്യ സ്വാശ്രയ കോളേജിലെ ബി.സി.വി.റ്റി, ബി.എസ്.സി പെർഫ്യൂഷൻ ടെക്നോളജി എന്നീ കോഴ്സുകളെ അലോട്ട്മെന്റിൽ ഉൾപ്പെടുത്താൻ ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കോഴ്സുകളിലേയ്ക്ക് ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കുന്നതിനുള്ള സൗകര്യം **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

തിരുവനന്തപുരം
17.08.2017

**പ്രവേശന പരീക്ഷാകമ്മീഷണർ**